പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2806 27/01/2014 ൽ മറുപടിയ്ക്ക്

## സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

| | ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പ്രവേശനപ്പരീക്ഷാ കമ്മീഷണർ ശുപാർശ ചെയ്ത പട്ടികയിൽ നിന്ന് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം നേടുന്ന എസ്.സി/എസ്.ടി വിഭാഗത്തിലെ കുട്ടികൾക്ക് ഇതേ രീതിയിൽ മറ്റ് കോളേജുകളിൽ പ്രവേശനം നേടുന്നവർക്ക് ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സ.ഉ(പി)നം.50/2009/പജപവവിവ. തീയതി 02/07/2009 ഉത്തരവു പ്രകാരം സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനപ്പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനപ്പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്ന പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്കു മാത്രം സർക്കാർ/സർക്കാർ ഏജൻസി/ യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് നൽകി വരുന്നുണ്ട്. |
| (ബി) | എങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ; | | |
| (സി) | പ്രവേശനപ്പരീക്ഷാ കമ്മീഷണർ ശുപാർശ ചെയ്ത പ്രവേശനം നേടുന്ന എല്ലാ എസ്.സി/എസ്.ടി വിഭാഗം കുട്ടികൾക്കും ഒരു പോലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ